പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 715

11.12.2012 ൽ മറുപടിക്ക്

## ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>" അൻവർ സാദത്ത്<br>" വി.റ്റി. ബൽറാം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) | പൊതുജനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ കാലതാമസമില്ലാതെ എത്തിക്കുകയും അത്തരം സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത, സുതാര്യത, വരവ് ചെലവ് കണക്കുകളിലെ കാര്യക്ഷമത, അഴിമതിരഹിത ഓഫീസ്, കാലതാമസമില്ലാതെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) എന്തെല്ലാം സൌകര്യങ്ങളും നേട്ടങ്ങളും ആണ് ഈ പദ്ധതി വഴി ലഭിക്കുന്നത്; | (ബി) | ഐ.ടി. അടിസ്ഥാന സൌകര്യങ്ങളുടെ സഹായത്തോടെ സർക്കാരിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾ ഓൺലൈനായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും സർക്കാരിന് അടക്കേണ്ടതായ ഫീസുകളും നികുതികളും മറ്റ് payment-കളും തെരഞ്ഞെടുത്ത ബാങ്കുകളുടെ Internet Banking, ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളും മറ്റ് e-payment സൌകര്യങ്ങളും മുഖാന്തിരവും സർക്കാരിന് അടക്കുവാനും കഴിയും. |
| (സി) ഏത് ഏജൻസിയുടെ ആഭിമുഖ്യത്തിലാണ് ഇത് നടപ്പാക്കുന്നത് ; | (സി) | കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | താഴെ ചേർത്തിരിക്കുന്ന അവാർഡുകൾ ഈ വർഷം ലഭിച്ചിട്ടുണ്ട്.<br>1) good governance –ന് e India 2012 അവാർഡ്<br>2) ഇ-ഡിസ്ട്രിക്ട് പ്രോജക്ടിന് സി.എസ്.ഐ. നിഹിലെന്റ് അവാർഡ് 2012<br>3) നല്ല പ്രോജക്ടിന് കേരള സ്റ്റേറ്റ് ഐ.ടി.മിഷന് ലഭിച്ച eWorld Jury Choice Award |

സെക്ഷൻ ഓഫീസർ